**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ധനമന്ത്രിമാരുടെ കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്,**<br>**ശ്രീ. ലിന്റോ ജോസഫ്,**<br>**ശ്രീമതി ദെലീമ,**<br>**ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാരിന് അനുകൂലമായും സംസ്ഥാനങ്ങൾക്കെതിരായും രൂപപ്പെട്ടു വരുന്ന ഫെഡറൽ സംവിധാനത്തിലെ ഗുരുതരമായ അസമത്വം കാരണം വലിയ തോതിലുള്ള വരുമാന നഷ്ടം സംസ്ഥാനത്തിന് ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ; | (എ) | രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7% കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ ചെലവുകളുടെ 62.4% സംസ്ഥാനങ്ങളാണ് വഹിക്കുന്നതെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ തന്നെ പരാമർശിച്ചിട്ടുണ്ട്. 2011-2012 മുതൽ 2021-2022 വരെയുള്ള ദശാബ്ദ കാലയളവിൽ കേന്ദ്രത്തിന്റെ മൊത്തം നികുതി വരവിൽ സെസുകളുടെയും സർചാർജ്ജുകളുടെയും വിഹിതം ഏതാണ്ട് 10 ശതമാനത്തിൽ നിന്ന് 17 ശതമാനത്തിലേക്ക് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ സെസുകളും സർചാർജ്ജുകളും പങ്കുവയ്ക്കപ്പെടേണ്ട നികുതിയിനത്തിൽ ഉൾപ്പെടുത്താത്തത് മൂലം കേന്ദ്രത്തിന്റെ മൊത്ത നികുതി വരുമാനത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കപ്പെടുന്ന നികുതിയുടെ അനുപാതത്തിൽ ഗണ്യമായ കുറവാണ് യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ GDP യുടെ 1.5 % ആയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ 2021-22 സാമ്പത്തിക വർഷത്തിൽ 1.92 % ആയി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കൺകറൻറ് പട്ടികയിലുള്ള ഇനങ്ങളിലുൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് അനുപാതത്തിൽ വരുത്തിയ മാറ്റം, സംസ്ഥാന വിഷയങ്ങളുടെ പരിധിയിൽ വരുന്ന ഇനങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകപക്ഷീയമായ പദ്ധതി രൂപീകരണം തുടങ്ങിയവ ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാന തത്വത്തിന് നിരക്കുന്നതായിരുന്നില്ല. കൂടാതെ പത്താം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ട നികുതിയിൽ നിന്നും കേരളത്തിന് ലഭിച്ച വിഹിതമായ 3.875 ശതമാനം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവായ 2021-26 |

| | | | |
|---|---|---|---|
| | | | വർഷങ്ങളിൽ 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇതിലൂടെ ഏകദേശം പതിനായിരക്കണക്കിന് കോടി രൂപയുടെ വരുമാന നഷ്ടമാണ് പ്രതിവർഷം കേരളത്തിന് ഉണ്ടായിട്ടുള്ളത്. |
| (ബി) | സഹകരണ ഫെഡറലിസത്തിന്റെ ശക്തീകരണത്തിനായി സംസ്ഥാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് വിവിധ സംസ്ഥാന ധനമന്ത്രിമാരുടെ കോൺക്ലേവ് വിളിച്ച് ചേർക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 31.12.2023- ൽ ശ്രീ. അരവിന്ദ് പനഗരിയ ചെയർമാനായി പതിനാറാം ധനകാര്യ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. ടി കമ്മീഷന്റെ മുൻപിൽ അവതരിപ്പിക്കേണ്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായും കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളെ ക്രിയാത്മകമായി വിശകലനം ചെയ്യുന്നതിനായും തമിഴ്‌നാട്, കർണാടക, തെലങ്കാന, പഞ്ചാബ്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരെയും ധനകാര്യ സെക്രട്ടറിമാരെയും പ്രഗത്ഭരായ സാമ്പത്തിക വിദഗ്ധന്മാരെയും പങ്കെടുപ്പിച്ചു കൊണ്ട് 12.09.2024- ൽ സംസ്ഥാനം ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. |
| (സി) | പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉചിതമായ മെമ്മോറാണ്ടം തയ്യാറാക്കി നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പ്രസ്തുത കോൺക്ലേവിൽ ചർച്ച ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | 12.09.2024 ൽ സംഘടിപ്പിച്ച കോൺക്ലേവിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ക്രിയാത്മകമായ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പതിനാറാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാനത്തിന്റെ മെമ്മോറാണ്ടം സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഡോ. സി. പി ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ഡ്രാഫ്റ്റിംഗ് കമ്മിറ്റി, സംസ്ഥാനത്തിന്റെ മെമ്മോറാണ്ടം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ